"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. **ഡിഎ1/270/2025-തസ്വഭവ**

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

തിരുവനന്തപുരം,

തീയതി: 25-07-2025

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങൾ മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂടി വിഹിതമുപയോഗിച്ച് തയ്യാറാക്കുന്ന സംയുക്ത പ്രോജക്ടുകളുടെ പൂർത്തീകരണ ഘട്ടത്തിലും പ്രധാന അവസരങ്ങളിലുമുള്ള ചടങ്ങുകളിൽ വിഹിതം നൽകിയ തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രതിനിധികളെ കൂടി പങ്കെടുപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2025-ന് നടന്ന യോഗത്തിന്റെ തീരുമാനം 3.1

**********************

തദ്ദേശഭരണ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് ത്രിതല പഞ്ചായത്തുകൾ, മറ്റു തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം കൂടി ഉപയോഗിച്ച് സംയുക്ത പ്രോജക്ടുകൾ തയ്യാറാക്കാറുണ്ട്. ഉദാഹരണത്തിന് ജില്ലാ പഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും ധനസഹായത്തോടെ പല പ്രോജക്ടുകളും ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തുകൾ ഇത്തരം പ്രോജക്ടുകൾ ആരംഭിക്കുകയോ പൂർത്തിയാക്കുകയോ ചെയ്യുന്ന ഘട്ടത്തിലും മറ്റു പ്രധാന അവസരങ്ങളിൽ നടത്തുന്ന ചടങ്ങുകളിലും വിഹിതം നൽകിയ തദ്ദേശഭരണ സ്ഥാപനത്തിന്റെ/സ്ഥാപനങ്ങളുടെ ബന്ധപ്പെട്ട പ്രതിനിധികൾ, ഭാരവാഹികൾ എന്നിവരെ കൂടി പങ്കെടുപ്പിക്കേണ്ടതാണ്. എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മേൽ നിർദ്ദേശം പാലിക്കേണ്ടതാണ്.

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്

7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ കളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 25-07-2025 11:15:21

സെക്ഷൻ ഓഫീസർ.